## ചിന്മയമിഷൻ, തൃശ്ശൂർ പരിപാടികൾ

1. ബാലവിഹാർ – കുട്ടികൾക്ക്
2. ദേവീ ഗ്രൂപ്പ് – മഹിളകൾക്ക്
3. സ്റ്റഡി ഗ്രൂപ്പ് – സ്വാധ്യായ പഠനസംഘങ്ങൾ
4. വാനപ്രസ്ഥ സംസ്ഥാൻ – മുതിർന്നവർക്ക്
5. സംസ്കൃതം പഠനശിബിരങ്ങൾ
6. ഗീതാ ക്ലാസ്സ്
7. ഭാഗവതം ക്ലാസ്സ്
8. ശ്രീബദരീശസ്തോത്രം ക്ലാസ്സ്
9. ചിന്മയ കലാമന്ദിർ – ലളിത കലകൾ
10. സാധനാ ദിനം – രണ്ടാം ചൊവ്വാഴ്ചകളിൽ
11. വിഷ്ണുസഹസ്രനാമാർച്ചന – മലയാളം ഒന്നാംതിയ്യതികളിൽ
12. ലളിതാസഹസ്രനാമാർച്ചന– മലയാളം ഒന്നാം ചൊവ്വാഴ്ചകളിൽ

*തങ്ങൾക്ക് യോജിച്ച പ്രവർത്തനങ്ങളിൽ ചേർന്ന് സന്തോഷത്തിന്റേയും സമാധാനത്തിന്റേയും അവസരങ്ങൾ സ്വന്തമാക്കാൻ എല്ലാവർക്കും ഹാർദ്ദമായ സ്വാഗതം*

ജയമുരളി പ്രിന്റേഴ്സ്, വല്ലച്ചിറ. - 9446395885

ഹരി ഓം!



**ചിന്മയ മിഷൻ**
നീരാഞ്ജലി,
തൃശ്ശൂർ - 680 020

# ശ്രീമദ് ഭഗവദ്ഗീതാ ജ്ഞാനയജ്ഞം

## അദ്ധ്യായം 16

## ദൈവാസുരസമ്പദ് വിഭാഗയോഗം

**2016 ആഗസ്റ്റ് 22 മുതൽ 27 വരെ**
**വൈകുന്നേരം 6 മുതൽ 7.30 വരെ**
**ചിന്മയമിഷൻ നീരാഞ്ജലി ഹാളിൽ**

ഉദ്ഘാടനം : ആരാദ്ധ്യയായ തൃശ്ശൂർ മേയർ
ശ്രീമതി അജിത ജയരാജൻ

2016 ആഗസ്റ്റ് 23 മുതൽ 27 വരെ
രാവിലെ 7 മുതൽ 8 വരെ
ഭക്തകവി കുലശേഖര ആൾവാർ രചിച്ച മുകുന്ദമാല

യജ്ഞാചാര്യൻ ബ്രഹ്മചാരി മുകുന്ദ ചൈതന്യജി
(ചിന്മയമിഷൻ, കോഴിക്കോട് കേന്ദ്രം ആചാര്യൻ)

**ഏവർക്കും സ്വാഗതം**

*ധന്യാത്മൻ*

*സനാതന ധർമ്മത്തിന്റെ ആധാരശിലകളായ വേദോപനിഷത്തുക്കളുടെ സാരസംഗ്രഹമാണ് ശ്രീമദ്ഭഗവദ്ഗീത. സാർത്ഥകമായി ഒരു മനുഷ്യജന്മം എപ്രകാരം നയിക്കാമെന്ന് മഹാഭാരതയുദ്ധഭൂമിയിൽ ഇതികർത്തവ്യതാമൂഢനായി നിന്ന പാർത്ഥനോട് ഭഗവാൻ ഉപദേശിക്കുന്നു.*

*പതിനാറാം അദ്ധ്യായമായ ദൈവാസുരസമ്പദ് വിഭാഗയോഗം, സാധകജീവിതത്തിൽ സ്വായത്തമാക്കേണ്ട ഉത്കൃഷ്ട മൂല്യങ്ങളെയും ഒഴിവാക്കേണ്ട ആസുരീ മൂല്യങ്ങളേയും സനിഷ്കർഷം വിവരിക്കുന്നു. വ്യക്തിയിൽ അന്തർലീനമായ ദൈവീസമ്പത്തിനെ തിരിച്ചറിയാനും സ്വജീവിതത്തിൽ പ്രാവർത്തികമാക്കി ജീവിതം ധന്യതയാർന്നതാക്കാനും പതിനാറാമദ്ധ്യായത്തിന്റെ പഠനത്തിലൂടെ പാർത്ഥസാരഥി നമ്മെ അനുഗ്രഹിക്കട്ടെ. ബ്രഹ്മചാരി മുകുന്ദചൈതന്യ നയിക്കുന്ന ഈ ജ്ഞാനയജ്ഞത്തിൽ പങ്കെടുത്ത് ഉദ്ബുദ്ധരാകുവാൻ എല്ലാവരേയും സാദരം ക്ഷണിക്കുന്നു.*

*എന്ന്,*


പ്രസിഡണ്ട്
**പി. ശശിധരമേനോൻ**
**Mob** : 9446022782

സെക്രട്ടറി
**സി. വേണുഗോപാൽ**
**Mob** : 9995122013


## മുകുന്ദമാല

*7 - 8 നൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട കുലശേഖരകൃതിയായ മുകുന്ദമാല മഹാവിഷ്ണു/ശ്രീകൃഷ്ണസ്തോത്രങ്ങളാണ്. സംസാരദുഖങ്ങളിൽ നിന്നും മോചനമഭ്യർത്ഥിക്കുന്ന കവി, മോചനം വിഷ്ണു ഭക്തിയിലൂടെ മാത്രമേ സാദ്ധ്യമാവൂ എന്നു വിശ്വസിക്കുന്നു. ശ്രീ മഹാവിഷ്ണുവിനെ സമാശ്രയിച്ച് ഭജിക്കുന്നവർക്കെല്ലാം സംസാരസാഗരത്തിന്റെ കലുഷതകളോ മാലിന്യങ്ങളോ ഏൽക്കാതെ ബ്രഹ്മനിർവാണം പൂകാമെന്ന് കവി ഉദ്ദേശിക്കുന്നു. ഏതു സാധകനും നിഷ്പ്രയാസം മനഃപാഠമാക്കി ഉരുവിട്ടു നടക്കാൻ തക്ക ലളിതമായ മുകുന്ദമാലയുടെ അർത്ഥതലങ്ങളിലേക്ക് യജ്ഞാചാര്യനൊപ്പം നമുക്കും സഞ്ചരിക്കാം*

യജ്ഞാചാര്യൻ

### ബ്രഹ്മചാരി മുകുന്ദചൈതന്യജി

ആചാര്യൻ – കോഴിക്കോട് ചിന്മയമിഷൻ



കോമേഴ്സിൽ ബിരുദാനന്തരബിരുദധാരിയായ മുകുന്ദചൈതന്യജി ഋഷികേശ് ഡിവൈൻ ലൈഫ് യോഗവേദാന്ത ഫോറസ്റ്റ് അക്കാദമിയിലെ യോഗ വേദാന്തപഠനത്തിനുശേഷം മുംബൈ സാന്ദീപനി സാധനാലയത്തിൽ രണ്ടുവർഷത്തെ വേദാന്തപഠനം പൂർത്തിയാക്കി സ്വാമി തേജോമയാനന്ദജിയിൽ നിന്നും ബ്രഹ്മചര്യദീക്ഷ സ്വീകരിച്ചു.

ഇപ്പോൾ കോഴിക്കോട് ചിന്മയമിഷന്റെ ആദ്ധ്യാത്മിക ആചാര്യനായി ചുമതല നിർവ്വഹിച്ചു വരുന്നു. ചിന്തകനും വാഗ്മിയുമായ മുകുന്ദചൈതന്യജി കേരളത്തിനകത്തും പുറത്തും ഗീതാജ്ഞാനയജ്ഞങ്ങൾ ധാരാളമായി നടത്തിവരുന്നു.